# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *517 — 24.7.2015 - ൽ മറുപടിയ്ക്ക്

### ക്ലിനിക്കൽ ലബോറട്ടറികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ക്ലിനിക്കൽ ലാബോറട്ടറികളിൽ യോഗ്യരായ ടെക്നീഷ്യന്മാരെ നിയമിക്കാത്തതു മൂലം കൃത്യതയില്ലാത്ത പരിശോധനാഫലം ലഭിക്കുന്നതിലൂടെ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പുതുതായി ആരംഭിച്ച എച്ച്. എം. സി ലാബുകളിലും യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരെ പി. എസ്. സി വഴി നിയമപരമായ കൃത്യതയാർന്ന ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ തെറ്റായ പരിശോധനാ ഫലം ലഭിക്കുന്നതായും, അതിലൂടെ രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായുമുള്ള പരാതി ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിൽ ജോലി നോക്കുന്ന ലബോറട്ടറി ടെക്നീഷ്യൻമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉണ്ടോ എന്ന് സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീമുകൾ പരിശോധന നടത്തി യോഗ്യതയില്ലാത്ത ടെക്നീഷ്യന്മാർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ